## ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ
## ഒരു ചരിത്രസ്മരണ

ഡോ. ഫ്രാൻസിസ് പേരേപ്പറമ്പിൽ ഒ.സി.ഡി.

### ആമുഖം

സന്ന്യാസജീവിതം കേരളസഭയെ സംബന്ധിച്ച് പുതുമയുള്ള കാര്യമായിരുന്നില്ല. 16-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ യൂറോപ്യൻ സന്ന്യാസസഭകൾ കേരളത്തിൽ എത്തുന്നതിനു മുൻപേതന്നെ കേരളത്തിൽ സന്ന്യാസജീവിതം നയിച്ചിരുന്നവർ ഉണ്ടായിരുന്നു. ഈ സന്ന്യാസികൾ ജീവിച്ചിരുന്ന ഭവനങ്ങളെ 'ദയിറ'കൾ എന്നാണു വിളിച്ചിരുന്നത്. ഇന്നും യാക്കോബായ സഭയിലെ റമ്പാൻമാർ ദയിറകളിലാണ് ജീവിക്കുന്നത്. ചരിത്രകാരന്മാരായ ഫെറോളി എസ്.ജെ.യും റൗളിനും പീറ്റർ മഫേവൂസും പ്രസിദ്ധ മിഷണറിയായ പൗളിനോസ് പാദ്രിയും ആദ്യത്തെ തൃശ്ശൂർ വികാർ അപ്പസ്തോലിക്കയായിരുന്ന അഡോൾഫ് മെഡ്‌ലിക്കോട്ടും എല്ലാം കേരളത്തിലെ പുരാതന സന്ന്യാസസമൂഹങ്ങളെക്കുറിച്ച് സൂചനകൾ നല്കുന്നുണ്ട്. എന്നാൽ ഇവരുടെ ജീവിതരീതിയെക്കുറിച്ചോ ആചാരാനുഷ്ഠാനങ്ങളെക്കുറിച്ചോ സന്ന്യാസ ചൈതന്യത്തെക്കുറിച്ചോ വ്യക്തമായ അറിവൊന്നും നമുക്കില്ല.

പോർച്ചുഗീസുകാരുടെ വരവിനുശേഷമാണ് യൂറോപ്പിൽനിന്ന് പ്രധാനപ്പെട്ട സന്ന്യാസസഭാംഗങ്ങൾ ഇന്ത്യയിൽ എത്താനും അവരുടെ പ്രവർത്തനങ്ങൾ ആരംഭിക്കാനും തുടങ്ങിയത്. എ.ഡി. 1500 മുതൽതന്നെ ഫ്രാൻസിസ്ക്കൻ സന്ന്യാസികളും തുടർന്ന് ഈശോസഭ, ഡോമിനിക്കൻ, കർമലീത്ത, തെയാറ്റൈൻ മുതലായ സഭാംഗങ്ങൾ കേരളത്തിൽ എത്തുന്നത്. എന്നാൽ 1653-ൽ നടന്ന 'കൂനൻ കുരിശു ശപഥ'ത്തിനു ശേഷം കേരളത്തിൽ എത്തുകയും മൂന്നുനൂറ്റാണ്ടിലേറെക്കാലം കേരളസഭയ്ക്കു നേതൃത്വംനല്കുകയും ചെയ്തത് വിദേശ കർമലീത്താമിഷണറിമാരാണ്. എന്നാൽ 19-ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾവരെ ഈ സന്ന്യാസസഭകളിലൊന്നും ഏതദ്ദേശീയരായ വിശ്വാസികളെ അംഗങ്ങളായി ചേർക്കുകയോ അല്ലെങ്കിൽ അവർക്കുവേണ്ടി സന്ന്യാസസമൂഹങ്ങൾക്ക് തുടക്കം കുറിക്കുകയോ ചെയ്യുന്നതായി കാണുന്നില്ല. ഈ പശ്ചാത്തലത്തിലാണ് കേരളത്തിലെ ആദ്യത്തെ ഏതദ്ദേശീയ സന്ന്യാസസഭാസ്ഥാപനത്തെക്കുറിച്ചും അതിന്റെ സ്ഥാപകപിതാക്കളോടൊപ്പം സഹകരിച്ചവരിൽ പ്രധാനിയായിരുന്ന ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനെക്കുറിച്ചും മനസ്സിലാക്കേണ്ടത്.

### കേരളത്തിലെ ആദ്യത്തെ ഏതദ്ദേശീയ സന്ന്യാസസമൂഹം

19-ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലാണ് കേരളത്തിലെ ഭക്തരായ ചില വിശ്വാസികൾ - പ്രത്യേകിച്ചും വൈദികർ-താപസ ജീവിതത്തിൽ ആകൃഷ്ടരായി സന്ന്യാസജീവിതം നയിക്കാൻ തീരുമാനിക്കുന്നത്. ഇവരിൽ പ്രധാനി, പുരോഹിതനും വരാപ്പുഴ അപ്പസ്തോലിക് വികാർ ആയിരുന്ന മോൺ. മൗറേലിയൂസ് സ്തബിലീനിയുടെ സെക്രട്ടറിയും ആയിരുന്ന ഫാ. തോമസ് പൊരൂക്കരയാണ്. ഡീക്കൻ ആയിരിക്കുമ്പോൾത്തന്നെ സന്ന്യാസജീവിതം നയിക്കാനുള്ള തന്റെ ആഗ്രഹം സ്നേഹിതനും അയല്ക്കാരനുമായിരുന്ന കണിയാന്തറ ജേക്കബ്ബിനോട് (പിന്നീട്, ഇദ്ദേഹം ഈ സന്ന്യാസ സമൂഹത്തിൽത്തന്നെ ഒരു തുണസഹോദരനായി ചേരുന്നുണ്ട്) പങ്കുവയ്ക്കുന്നുണ്ട്: "ഞാൻ പട്ടമേറ്റു വന്നുകഴിഞ്ഞാൽ നമുക്കു രണ്ടാൾക്കുംകൂടി വല്ല വനവാസത്തിനും പൊയ്ക്കളയാം; ലോകത്തിൽ ജീവിച്ചാൽ നമ്മുടെ ആത്മാവിനെ രക്ഷിക്കുക ദുഷ്കരം."

1828-ൽ ആണ് പൊരൂക്കര അച്ചൻ മോൺ. സ്തബിലീനിയുടെ സെക്രട്ടറിയായി നിയമിക്കപ്പെടുന്നത്. ഇക്കാലഘട്ടത്തിൽ സ്തബിനീലിയുടെ ആലോചനക്കാരനും തെക്കൻ പള്ളിപ്പുറം സെമിനാരിയുടെ റെക്ടറും ആയിരുന്ന തോമസ് പാലയ്ക്കൽ അച്ചനുമായി പലവട്ടം കൂടിക്കാഴ്ചനടത്താൻ അവസരമുണ്ടായി. ഇദ്ദേഹവും പ്രാർഥനയിലും പഠനത്തിലും മുഴുകി ജീവിച്ചുവരുകയും സന്ന്യാസജീവിതത്തിൽ ആകൃഷ്ടനായിരിക്കുകയും ചെയ്തയാളായിരുന്നു. "ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ" എന്ന ഗ്രന്ഥത്തിൽ ഇവരെക്കുറിച്ച് ചാവറയച്ചൻതന്നെ എഴുതുന്നത് ശ്രദ്ധേയമാണ്: "രണ്ടുപേർക്കും (പാലയ്ക്കൽ അച്ചനും പൊരൂക്കര അച്ചനും) ഈ മലയാളഭൂമിയിൽ പട്ടക്കാർക്കുപോലും ഒരു തപസ്സുഭവനം ഇല്ലായ്കയാൽ ഏറിയ നന്മകൾക്ക് വീഴ്ചയായിരിക്കകൊണ്ട് വല്ല പ്രകാരത്തിലും പട്ടക്കാർക്കെങ്കിലും ഒരു ദർശനവീടുണ്ടാകണമെന്ന് അതിയായി ആഗ്രഹിച്ചിരുന്നു." പിന്നീട് ഇവരോടൊപ്പം അർത്തുങ്കൽ സ്വദേശിയും ലത്തീൻകാരനുമായ പാസ്കൽ അച്ചനും അൽമേനിയായ ജേക്കബ് കണിയാന്തറയും ചാവറ കുരിയാക്കോസ് അച്ചനും ചേരുന്നുണ്ട് (സുറിയാനി ചരിത്രകാരന്മാർ പലരും പാസ്കൽ അച്ചന്റെ പേര് വിട്ടുകളയാറാണു പതിവ്; കാരണം അദ്ദേഹം ലത്തീൻകാരനായിരുന്നു).

സന്ന്യാസജീവിതം നയിക്കാനുള്ള തങ്ങളുടെ ഈ ആഗ്രഹം മോൺ. സ്തബിലീനിയെ ഇവർ അറിയി

ച്ചു. മോൺ. സ്തബിലീനി ആദ്യം അല്പം സംശയിച്ചെങ്കിലും പിന്നീട് അദ്ദേഹത്തിന്റെ മനസ്സുമാറുകയും **തപസ്സുഭവനം** അരംഭിക്കുന്നതിനുള്ള അനുവാദവും അനുഗ്രഹാശിസ്സുകളും നല്കുകയും ഭവനനിർമാണച്ചെലവിലേക്കായി 200 രൂപ ദാനംചെയ്യുകയും ചെയ്തു. ഈ അനുവാദം സ്തബിലീനി മെത്രാൻ നല്കുന്നത് 1829 നവംബർ 1-ാം തീയതിയാണ്. ചാവറ അച്ചൻ പൗരോഹിത്യം സ്വീകരിക്കുന്നതാകട്ടെ 1829 നവംബർ 29-നും. അതുകൊണ്ട് ചില ചരിത്രകാരന്മാർ അവകാശപ്പെടുന്നതുപോലെ ചാവറ കുരിയാക്കോസ് അച്ചനല്ല ഈ സന്ന്യാസസഭയുടെ സ്ഥാപകൻ; മറിച്ച് പാലക്കൽ-പൊരൂക്കര അച്ചന്മാരാണ്. എന്നുവച്ച് ചാവറ കുര്യാക്കോസച്ചന്റെ പ്രാധാന്യം ഇവിടെ കുറയുന്നില്ല. 1831 മെയ് 11-ാം തീയതി ഈ പുതിയ **തപസ്സുഭവനം** മാന്നാനത്ത് ആരംഭംകുറിച്ചപ്പോൾ, സ്ഥാപകപിതാക്കന്മാർക്കൊപ്പം ചാവറ അച്ചനുമുണ്ടായിരുന്നു. 1841-ൽ പാലക്കൽ അച്ചനും 1846-ൽ പൊരൂക്കര അച്ചനും മരണമടഞ്ഞു. ഇവരുടെ വേർപാടിനുശേഷം ശൈശവദശയിലായിരുന്ന ഈ പുതിയ **സമൂഹത്തെ** വളർത്തിക്കൊണ്ടുവരേണ്ട ചുമതല ചാവറ അച്ചന്റെ ചുമലിൽ നിക്ഷിപ്തമായി. അതദ്ദേഹം വളരെ ശ്ലാഘനീയമായിത്തന്നെ നിർവഹിച്ചു എന്നുള്ളതിന് ചരിത്രം സാക്ഷി.

### ചാവറയച്ചന്റെ ജനനവും ബാല്യവും

കുട്ടനാടിന്റെ പശ്ചിമഭാഗത്തു സ്ഥിതിചെയ്യുന്ന കൈനകരിദൈവാലയത്തിന്റെ വടക്കുഭാഗത്തുള്ള ഒരു തുരുത്തിൽ 'കിഴക്കെ ചാവറ', 'പടിഞ്ഞാറെ ചാവറ' എന്നീ രണ്ടു പുരാതന ഭവനങ്ങൾ സ്ഥിതിചെയ്തിരുന്നു. ഇതിൽ 'പടിഞ്ഞാറെ ചാവറ' എന്ന ഗൃഹത്തിൽ 1805 ഫെബ്രുവരി 10-ന് കുര്യാക്കോസ്-മറിയം ദമ്പതികളുടെ 6 മക്കളിൽ ഇളയവനായി കുരിയാക്കോസ് ഏലിയാസ് ഭൂജാതനായി. കൈനകരിപ്പള്ളി അന്ന് സ്ഥാപിതമായിട്ടുണ്ടായിരുന്നില്ല. കൈനകരി അന്ന് ചേന്നങ്കരി ഇടവകയുടെ ഭാഗമായിരുന്നു. അതുകൊണ്ട് ശിശുവിന്റെ ജ്ഞാനസ്നാനം ഫെബ്രുവരി 16-ാം തീയതി ചേന്നങ്കരി പള്ളിയിൽവച്ചാണ് നടന്നത്. ഇദ്ദേഹത്തിന് ഒരു സഹോദരനും നാലു സഹോദരിമാരുമാണ് ഉണ്ടായിരുന്നത്. ഏകസഹോദരൻ വിവാഹിതനായി, ഒരു പെൺകുട്ടി ജനിച്ചുകഴിഞ്ഞപ്പോൾ മരണമടഞ്ഞു.

അഞ്ചുമുതൽ പത്തുവരെയുള്ള പ്രായത്തിൽ കളരിയിൽ പഠനം നടത്തിയ കുരിയാക്കോസ് 11-ാം വയസ്സിൽ ദൈവവിളി സ്വീകരിച്ചു. രണ്ടുവർഷത്തോളം സ്വന്തം ഇടവകപ്പള്ളിയിൽ വികാരിയച്ചനോടൊപ്പം താമസിച്ച് പരിശീലനം സ്വീകരിച്ചു. 13-ാം വയസ്സിൽ പള്ളിപ്പുറം സെമിനാരിയിൽ പാലക്കൽ തോമാ മല്പ്പാന്റെ മേൽനോട്ടത്തിൽ ഏതാണ്ട് 12 വർഷത്തോളം വൈദികപരിശീലനം നടത്തി. 1829 നവംബർ 29-ന് 24-ാം വയസ്സിൽ, അർത്തുങ്കൽ വി. അന്ത്രയോസ് ശ്ലീഹായുടെ ദൈവാലയത്തിൽവച്ച് വൈദികപട്ടം സ്വീകരിച്ചു.

വൈദികപട്ടം സ്വീകരിക്കുന്നതിന് കുറച്ചുനാൾമുൻപ് അദ്ദേഹത്തിന്റെ പ്രിയമാതാപിതാക്കളും ഏകസഹോദരനും മരണമടഞ്ഞു. അതോടെ ചാവറക്കുടുംബം അനാഥമായിത്തീർന്നു. അതിനാൽ അദ്ദേഹത്തിന്റെ ബന്ധുമിത്രാദികൾ, വീടിന്റെ ചുമതല ഏല്പിക്കുന്നതിനുവേണ്ടി വൈദികജീവിതം ഉപേക്ഷിക്കണമെന്ന് നിർബന്ധിച്ചു തുടങ്ങി. ഇതിന് അദ്ദേഹം കണ്ട പ്രതിവിധി, എടത്വായിൽ വിവാഹം ചെയ്യിച്ചിരുന്ന തന്റെ മൂത്തസഹോദരിയുടെ വീട്ടിൽപോയി അവരെ കാണുകയും അവരും ഭർത്താവുംകൂടി ചാവറെ വന്നുതാമസിച്ച് കുടുംബഭരണം നടത്തുന്നതിനും നിര്യാതനായ ഏകസഹോദരന്റെ പുത്രിയായ ശിശുവിനെ വളർത്തുന്നതിനും ഏർപ്പാടുചെയ്യുകയായിരുന്നു.

### ചാവറയച്ചനും സി.എം.ഐ. സന്ന്യാസസഭയും

വൈദികപട്ടമേറ്റശേഷം കുറെക്കാലം പാലക്കൽ തോമാ മല്പാന്റെ സഹായിയായി സെമിനാരിയിൽത്തന്നെ താമസിച്ചു. പിന്നീടാണ് പാലയ്ക്കൽ-പൊരൂക്കര അച്ചന്മാരോടൊപ്പം കേരളത്തിലെ ആദ്യത്തെ ഏതദ്ദേശീയ സന്ന്യാസസഭയ്ക്ക് ആരംഭംകുറിക്കുന്നതിനു പരിശ്രമിക്കുന്നതും 1831 മെയ് 11-ാം തീയതി മാന്നാനത്ത് **തപസ്സുഭവനം** ആരംഭിക്കുന്നതും. **കെട്ടി**ടനിർമാണം നടന്നുകൊണ്ടിരിക്കുമ്പോൾ കുറച്ചുകാലം ചാവറ അച്ചൻ പള്ളിപ്പുറംപള്ളി വികാരിയായി സേവനംഅനുഷ്ഠിക്കുന്നുണ്ട്. ഇത് 1832-ൽ ആയിരുന്നു. 1833-ൽ പാലയ്ക്കൽ-പൊരൂക്കര അച്ചന്മാരുടെ താല്പര്യത്താൽ രണ്ടു ശെമ്മാശ്ശന്മാരെവച്ചു മാന്നാനത്തു തുടങ്ങിയ സെമിനാരിയാണ് പിന്നീട് ചാവറ അച്ചന്റെ പരിശ്രമത്താൽ ഒരു പൊതുസെമിനാരിയായി രൂപാന്തരംപ്രാപിച്ചത്.

1841-ൽ പാലക്കൽ തോമ്മാ മല്പാൻ മരണമടഞ്ഞു. അതുകൊണ്ട് 1844-ൽ അന്നത്തെ വികാർ അപ്പസ്തോലിക്കയായിരുന്ന ഫ്രാൻസിസ് സേവ്യർ മെത്രാപ്പോലീത്ത, പൊരൂക്കര അച്ചനെയും ചാവറ അച്ചനെയും മല്പാൻ സ്ഥാനത്തേക്കുയർത്തി. 1846-ൽ പൊരൂക്കര അച്ചനും മരണമടഞ്ഞതോടെ പുതിയ

**സമൂഹത്തിന്റെ** ചുമതല മുഴുവനും ചാവറ അച്ചന്റെ ചുമലിലായി. പിന്നീടുള്ള സി.എം.ഐ. സഭയുടെ വളർച്ച ചാവറ അച്ചന്റെ ചരിത്രം തന്നെയാണ്.

1831-ൽ ആരംഭിച്ച ഈ **ഭകത സമൂഹത്തിന്**കാനോനികാംഗീകാരം ലഭിക്കുന്നത് 1855-ൽ മാത്രമാണ്. 1853 മുതൽ വരാപ്പുഴ വികാരിയാത്തിന്റെ ഭരണം ഏറ്റെടുത്ത മോൺ. ബർണർഡിൻ ബച്ചിനെല്ലി ഒ. സി.ഡി.യാണ് ഇതിനു താത്പര്യമെടുത്തത്. അതിൻപ്രകാരം 1855 ഡിസംബർ 8-ാം തീയതി അമലോദ്ഭവമാതാവിന്റെ തിരുനാൾ ദിവസം, ഈ സമൂഹത്തിലെ 11 പേർ സന്ന്യാസവ്രതം സ്വീകരി**ച്ച് അമലോത്ഭവദാസ സംഘം എന്ന സന്ന്യാസസമൂഹം രൂപം കൊണ്ടു.** ഈ സംഘത്തിന്റെ തലവനായി ചാവറയച്ചൻ ആദ്യം, വികാർ അപ്പസ്തോലിക്കയുടെ ഡെലഗേറ്റ് അയ മർസലിൻ ബെരാർദി ഒ.സി.ഡി.യുടെ മുൻപിലും മറ്റു 10 പേർ അവരുടെ സുപ്പീരിയർ ആയ ചാവറ അച്ചന്റെ മുൻപിലുമാണ് വ്രതം എടുത്തത്.

### ചാവറ അച്ചൻ കൂനമ്മാവിലേക്ക്

ഫ്രാൻസിസ് സേവ്യർ മെത്രാപ്പോലീത്തയുടെ ഭരണകാലത്ത് 1837-ൽ കൂനമ്മാവിൽ വി. ഫിലോമിനയുടെ നാമത്തിൽ ഒരു പള്ളിയും വൈദികഭവനവും നിർമിച്ചിട്ടുണ്ടായിരുന്നു. മിഷണറിയായിരുന്ന ബർണർഡിൻ ബച്ചിനെല്ലിയാണ് ഇതിന്റെ നിർമാണമേല്നോട്ടം വഹിച്ചത്. മാന്നാനത്ത് സുറിയാനിക്കാർക്കായി സന്ന്യാസസമൂഹം ഉടലെടുത്തതിനുശേഷം ലത്തീൻകാർക്കുമാത്രമായി ഒരുസന്ന്യാസഭവനം വേണമെന്ന ആവശ്യം ശക്തമായി. അങ്ങിനെ 1857-ൽ ബർണർഡിൻ ബച്ചിനെല്ലി മെത്രാപ്പോലീത്ത കൂനമ്മാവിലെ കെട്ടിടം വിപുലീകരിച്ച് ലത്തീൻകാർക്കുമാത്രമായി ഒരു സന്ന്യാസഭവനം ആരംഭിച്ചു. ഒരു വൈദികനും ചില ക്ലേരിമാരുമായിരുന്നു ആദ്യത്തെ അന്തേവാസികൾ. എന്നാൽ, ക്ലേരിമാർക്ക് അസുഖം പിടിപെട്ടു തിരിച്ചുപോകേണ്ടിവന്നതിനാൽ ഈ ഭവനം നിന്നുപോകാതിരിക്കുന്നതിനുവേണ്ടി മെത്രാപ്പോലീത്ത മാന്നാനത്തുനിന്നും സുറിയാനിസന്ന്യാസികളെ ഇവിടെകൊണ്ടുവന്നു താമസിപ്പിച്ചു. ഇതിന്റെ മേല്നോട്ടം ചാവറ അച്ചൻ ഏല്പിക്കുന്നത് മൂഞ്ഞനാട്ട് മത്തായി അച്ചനെയാണ്. 1859-ൽ ഇതിനെ ഒരു നവസന്ന്യാസഭവനമാക്കി മാറ്റുകയും, 1860-ൽ ഇവിടത്തെ നവസന്ന്യാസഗുരുവായി പ്രസിദ്ധനായ ലെയോപ്പോൾഡ് മിഷണറി നിയമിക്കപ്പെടുകയും ചെയ്തു. ദീർഘകാലത്തേക്ക് ചാവറ അച്ചന്റെ ആധ്യാത്മിക നിയന്താവായിരുന്നു ലെയോപ്പോൾഡ് മിഷണറി. 1864-ൽ ആണ് ചാവറ കുരിയാക്കോസച്ചൻ കൂനമ്മാവിൽ താമസം തുടങ്ങുന്നത്.

ഇദ്ദേഹം കൂനമ്മാവിൽ ജീവിച്ചിരുന്ന കാലത്ത് വരാപ്പുഴ വികാർ അപ്പസ്തോലിക്കമാരായിരുന്ന ബർണഡിൻ ബച്ചിനെല്ലി പിതാവിന്റെയും ലെയൊനാർദ് മെല്ലാനെപിതാവിന്റെയും താത്പര്യപ്രകാരവും നിർദ്ദേശം അനുസരിച്ചും പല ആധ്യാത്മിക പ്രസ്ഥാനങ്ങളിലും ലെയോപ്പോൾഡച്ചനോടൊപ്പം ആത്മാർത്ഥമായി സഹകരി കയുണ്ടായി. ഉദാഹരണമായി, യൂറോപിൽ നൂറ്റാണ്ടുകൾക്കുമുൻപ് ആരംഭിച്ച 40 മണിക്കൂർ ആരാധന എന്ന ഭക്തകൃത്യം ബച്ചിനെല്ലി പിതാവിന്റെ കല്പനയനുസരിച്ച് ലെയൊപ്പോൾഡ് മിഷണറി കൂനമ്മാവിൽ നടപ്പിൽ വരുത്തിയപ്പോൾ ചാവറ അച്ചൻ അദ്ദേഹത്തോടൊപ്പം ആത്മാർത്ഥമായി സഹകരിച്ചു. കൂടാതെ, കേരളത്തിലെ ആദ്യത്തെ ഏതദ്ദേശീയ സന്ന്യാസിനീ സമൂഹത്തിന് ആരംഭംകുറിച്ചപ്പോൾ, സ്ഥാപകസഹോദരിമാരുടെ ആധ്യാത്മിക നിയന്താവും മേൽനോട്ടക്കാരനുമായിരുന്ന ലെയൊപ്പോൾഡ് മിഷണറിക്കൊപ്പം ചാവറ അച്ചനും അടുത്തു സഹകരിക്കുകയുണ്ടായി. കൂടാതെ, കർമ്മലീത്താ മിഷണറിമാർ കൊണ്ടുവന്ന മറ്റുപല ആധ്യാത്മിക പ്രവർത്തനങ്ങളും പ്രസ്ഥാനങ്ങളും കേരളത്തിലെ സുറിയാനിക്കാർക്കിടയിൽ പ്രാവർത്തികമാക്കുന്നതിന് ചാവറ അച്ചൻ മുൻകൈ എടുത്തിട്ടുണ്ട്.

ചാവറ അച്ചന്റെ ജീവചരിത്രത്തിൽ ഏറ്റവും പ്രാധാന്യത്തോടെ എടുത്തെഴുതപ്പെടേണ്ട ഒന്നാണ്, കേരളസഭയിൽ റോക്കോസ് ശീശ്മ പൊട്ടിപുറപ്പെട്ടപ്പോൾ, വരാപ്പുഴ വികാർ അപ്പസ്തോലിക്ക ബർണഡിൻ ബച്ചിനെല്ലി പിതാവിന്റെ താത്പര്യപ്രകാരം, ശീശ്മക്കെതിരായി ചാവറ അച്ചനും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ മറ്റു സഭാംഗങ്ങളും പ്രവർത്തിച്ചത്. ഇക്കാര്യത്തിൽ സുറിയാനിക്കാർക്കിടയിൽ സ്വതന്ത്രമായും അധികാരത്തോടുകൂടിയും പ്രവർത്തിക്കുന്നതിനുവേണ്ടി, ബച്ചിനെല്ലി മെത്രാപ്പോലീത്ത സുറിയാനിക്കാരുടെ വികാരി ജനറാളായി അദ്ദേഹത്തെ നിയമിച്ചു. 1861 ജൂൺ 8-ാം തീയതിയാണ് ഈ അധികാരപത്രം പുറപ്പെടുവിച്ചത്.

അധികാരം ലഭിച്ചതോടെ സ്വജനങ്ങളുടെ രക്ഷയ്ക്കായി തന്റെ സന്ന്യാസസഹോദരർക്കൊപ്പം പ്രവർത്തിച്ചുകൊണ്ട് റോക്കോസ് ശീശ്മ ഉന്മൂലനംചെയ്യുന്നതിന് പ്രധാനപങ്കുവഹിച്ചു. തന്റെ ഈ ലോകജീവിതത്തിന്റെ അന്തിമവത്സരങ്ങളിൽ ഏതാനും മാസം അസുഖം പിടിപെട്ട് അദ്ദേഹം കിടപ്പിലായി. അന്ത്യകാലങ്ങൾ കൂനമ്മാവു കൊവേന്തയിലാണ് കഴിച്ചുകൂട്ടിയത്. ഇവിടെവച്ച് 1871 ജനുവരി 3-ാം തീയതി ആ പുണ്യാത്മാവ് പരലോകംപ്രാപിച്ചു. കൂനമ്മാവ് സെന്റ് ഫിലോമിനാസ് ദൈവാലയത്തിൽത്തന്നെയാണ് അദ്ദേഹത്തെ അടക്കംചെയ്തത്. അദ്ദേഹം അവസാനകാലത്ത് താമസിച്ചു മരിച്ച മുറി ഇപ്പോഴും കൂനമ്മാവിൽ പൂജ്യമായി സംരക്ഷിച്ചുവരുന്നു. ഇതിപ്പോൾ ഒരു തിർഥാടനകേന്ദ്രമാണ്.

**ഉപസംഹാരം**

"ചാവറ അച്ചന്റെ കാവ്യകൃതികൾ, പഠനങ്ങൾ" എന്ന ഗ്രന്ഥത്തിന്റെ മുഖവുരയിൽ, ഉദയംപേരൂർ സൂനഹദോസിനെ മറന്നുകൊണ്ട്, "കേരള ചരിത്രത്തെ രണ്ടായി തിരിക്കാൻ കഴിയും-വാഴ്ത്തപ്പെട്ട ചാവറ കുരിയാക്കോസച്ചന്റെ മുൻപുള്ള ചരിത്രമെന്നും പിൻപുള്ള ചരിത്രമെന്നും" എന്ന് സെഡ്.എം.മുഴൂർ അച്ചൻ പറയുന്നതുപോലെ പറയാനുള്ള ധാർഷ്ട്യമൊന്നും എനിക്കില്ലെങ്കിലും കേരളത്തിലെ സുറിയാനിക്രിസ്ത്യാനികളുടെ ആധ്യാത്മിക നവോത്ഥാനത്തിൽ ചാവറയച്ചന് അദ്വിതീയസ്ഥാനമുണ്ട് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിന് അദ്ദേഹത്തെ നയിച്ചത് വിദേശ കർമ്മലീത്താ മിഷണറിമാരായിരുന്നു എന്നതിലും സംശയമില്ല. ഇല്ലായിരുന്നെങ്കിൽ റോക്കോസ് ശീശ്മയിൽ ഉൾപ്പെട്ട് അദ്ദേഹവും പിരിഞ്ഞുപോകാനുള്ള സാധ്യത ഏറെ ആയിരുന്നു.